പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 83 11/03/2015-ലെ മറുപടിക്ക്

## പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണ ധനസഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ<br>ശ്രീ.എ.കെ.ബാലൻ<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.എ.എം.ആരിഫ് | | ശ്രീ.എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
| (എ) | അപേക്ഷിക്കുന്ന അർഹരായ പട്ടികജാതിക്കാർക്കെല്ലാം ഭവന നിർമ്മാണ ധനസഹായം നൽകാനായി എത്ര തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ: എത്ര തുക ഇതിനായി വകയിരുത്തിയിട്ടുണ്ട്;; | (എ) | വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായത്തിന് ഓരോ സാമ്പത്തിക വർഷത്തിലും ബഡ്ജറ്റിൽ ഭവനനിർമ്മാണധനസഹായ പദ്ധതിയ്ക്കായി വകയിരുത്തുന്ന ഫണ്ടിനനുസരിച്ചാണ് ഭൗതികലക്ഷ്യം നിശ്ചയിക്കുന്നത്. അപേക്ഷിക്കുന്ന അർഹരായ മുഴുവൻ പട്ടികജാതിക്കാർക്കും ഭവന നിർമ്മാണ ധനസഹായം നൽകുന്നതിനായി ആവശ്യമായ തുക കണക്കാക്കിയിട്ടില്ല.<br>2014-15 സാമ്പത്തിക വർഷം വകുപ്പ് ഭവന നിർമ്മാണ ധനസഹായപദ്ധതി പ്രകാരം 3000 വീടുകൾ നിർമ്മിക്കുന്നതിനായി 90 കോടി രൂപയും 2007-08 മുതൽ 2013-14 വരെ അനുവദിച്ച വീടുകളിൽ സ്പിൽ ഓവറായി അവശേഷിച്ച വീടുകൾ പൂർത്തീകരിക്കുന്നതിന് 30 കോടി രൂപ ഉൾപ്പെടെ 120 കോടി രൂപ വകയിരുത്തിയിരുന്നു. |
| ബി) | ഭവനനിർമ്മാണ ധനസഹായ തുക വർദ്ധിപ്പിച്ചതിന് അനുസൃതമായി ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നോ ; | (ബി) | വകയിരുത്തിയിരുന്നു. എന്നാൽ അപേക്ഷകരുടെ എണ്ണം വർദ്ധിച്ചതിനാൽ 2014-15 വർഷത്തെ ഭൗതികലക്ഷ്യം 3000-ൽ നിന്നും 4500 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അധികമായി വേണ്ടി വരുന്ന 10 കോടി രൂപ റീ-അപ്രോപ്രിയേഷനിലൂടെ കണ്ടെത്തിയിട്ടുണ്ട്. ഈ വർഷം പുതിയ വീടുകൾ നിർമ്മിക്കുന്നതിനും സ്പിൽ ഓവർ വീടുകൾ പൂർത്തിയാക്കുന്നതിനും ഉൾപ്പെടെ ആകെ 130 കോടി രൂപ വകയിരുത്തിയിട്ടുണ്ട് |
| (സി | ഇന്ദിരാ ആവാസ് പദ്ധതി (ഐ.എ.വൈ) പ്രകാരം അപേക്ഷിച്ചിരുന്ന പട്ടികജാതിക്കാരായ അപേക്ഷകർ ധനസഹായ തുകയിലുള്ള അന്തരംമൂലം വ്യാപകമായി പിൻമാറുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഇത് പരിഹരിക്കാനായി പട്ടികജാതിക്കാരായ ഐ.എ.വൈ ഗുണഭോക്താക്കൾക്ക് അന്തരമുള്ള തുക വകുപ്പിൽ നിന്നും പ്രത്യേകമായി അനുവദിക്കുവാൻ തയ്യാറാകുമോ? | (ഡി) | ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ശുപാർശ പരിശോധിച്ചു വരുന്നു.(വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം) |

സെക്ഷൻ ഓഫീസർ